1. കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഏരിയൽ സ്പ്രേ നിർത്തലാക്കാൻ ശിപാർശ ചെയ്തു.

2. മനുഷ്യരിൽ അസാധാരണമായ രോഗലക്ഷണങ്ങൾ കണ്ടത് പഠനവിധേയമാക്കണം.

3. അടിയന്തിരമായി ആരോഗ്യ വകുപ്പ് ഇക്കാര്യത്തിൽ ഇടപെടണം.

4. കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ഏരിയയിലെ ദുരിതം അനുഭവിക്കുന്നത് താഴെക്കിടയിലുള്ള ജനവിഭാഗം ആയതിനാൽ സർക്കാർ അടിയന്തരമായി ഇടപെട്ട് മരുന്നും മറ്റ് സൗകര്യങ്ങളും കൊടുക്കണം.

5. ദുരിതാനുഭവങ്ങളുടെ കാര്യകാരണങ്ങൾ അടിയന്തരമായി പഠനവിധേയമാക്കാൻ 2002-ൽ തന്നെ നാലര ലക്ഷത്തിന്റെ ഒരു പ്രാഥമിക പഠന പദ്ധതി സർവ്വകലാശാല സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്&ജി) കീടനാശിനികളുടെ ഉപയോഗം വിളകളേയും കീടങ്ങളേയും ആശ്രയിച്ചാണു ശിപാർശ ചെയ്യുന്നത്.

ഇടുക്കി പാക്കേജ്

219 (1188) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പാക്കേജ് നടപ്പാക്കുന്നതിനുള്ള പ്രോജക്ടുകൾ യഥാസമയം കേന്ദ്ര സർക്കാരിനു നൽകാൻ സാധിച്ചിട്ടുണ്ടോ ;

(ബി) ഏതൊക്കെ മേഖലകളിലുള്ള പ്രോജക്ടുകളാണ് സമർപ്പിച്ചിട്ടുള്ളത് ; ഇതിൽ എത്രയെണ്ണത്തിന് അംഗീകാരം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഇടുക്കി പാക്കേജിനു വേണ്ടി ഇടുക്കി ഐശ്വര്യ സമിതിയും ഇടുക്കി കർമ്മ സമിതിയും രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) ഇടുക്കി പാക്കേജ് നടപ്പാക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ ;

(ഇ) ഇപ്പോഴത്തെ സ്പെഷ്യൽ ഓഫീസർ ആരാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇടുക്കി പാക്കേജിൽ കീഴിൽ നടപ്പിലാക്കാൻ കഴിയുന്ന, സാധ്യമായ എല്ലാ പദ്ധതികളുടെയും വിശദമായ പദ്ധതി രേഖ യഥാസമയം സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇടുക്കി പാക്കേജിന്റെ പരിധിയിൽ വരുന്ന മുഖ്യമേഖലകൾ ചുവടെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. തോട്ടവിള മേഖല: ഇതിന്റെ മേൽനോട്ട ചുമതല ബന്ധപ്പെട്ട കമ്മോഡിറ്റി ബോർഡുകൾക്കാണ് (റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ്, കോഫി ബോർഡ് മുതലായവ)
2. മൃഗസംരക്ഷണം
3. ഗ്രാമീണ ഗതാഗതം
4. നീർമറി വികസനം (വാട്ടർഷെഡ്)
5. ഹോർട്ടികൾച്ചർ വികസനം (പഴം, പച്ചക്കറി, ഔഷധസസ്യങ്ങൾ മുതലായവ)

ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി&ഡി) ഉണ്ട്.

(ഇ) ഇടുക്കി പാക്കേജിൻ കീഴിലുള്ള പദ്ധതികളുടെ ഏകോപന ചുമതലയുള്ള സ്പെഷ്യൽ ഓഫീസർ ഇടുക്കി ജില്ലാ കളക്ടറാണ്.

മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങൾ

220 (1189) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. രാജു എബ്രഹാം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മൂല്യവർദ്ധിത ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനായി നാഫെഡ്, കേരഫെഡ്, മാർക്കറ്റ്ഫെഡ് എന്നിവയുടെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി വിവിധ ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രധാനപ്പെട്ട കാർഷിക വിളകളായ നാളികേരം, കുരുമുളക്, നെല്ല്, വാഴ എന്നിവ ഉപയോഗിച്ചുള്ള വിവിധതരം മൂല്യവർദ്ധിത ഉല്പന്നങ്ങൾ കമ്പോളത്തിൽ ലഭിച്ചുവരുന്നു. 2010-11 സാമ്പത്തിക വർഷത്തിൽ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കർഷകർ, വ്യവസായ സംരംഭകർ, കർഷക ഗ്രൂപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവയ്ക്ക് കൃഷി വകുപ്പ് സഹായധനം ലഭ്യമാക്കി വരുന്നു. 50% വരെ സഹായധനം ലഭ്യമാക്കി വരുന്ന ഈ പദ്ധതിയിൽ പരമാവധി 10 ലക്ഷം രൂപ വരെ സഹായധനം ലഭ്യമാക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY KERALA LEGISLATIVE ASSEMBLY